159 (2345) ഡോക്ടർമാർ ഗ്രാമത്തിൽ ജോലി നോക്കണമെന്ന വ്യവസ്ഥ

ശ്രീ. സി.കെ. രാജേന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡോക്ടർമാർ ഗ്രാമങ്ങളിൽ ജോലി നോക്കണമെന്ന വ്യവസ്ഥ എപ്പോൾ മുതൽ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധമായി നിയമ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) 1998-ലെ പ്രൊഫഷണൽ കോഴ്സ് പ്രോസ്പെക്ടസിലെ ക്ലോസ് 12.12.5-ൽ എം.ബി.ബി.എസ്. പാസ്സാകുന്ന വിദ്യാർത്ഥികൾ ഗവൺമെന്റ് ആവശ്യപ്പെടുന്നപക്ഷം ഗ്രാമപ്രദേശങ്ങളിൽ 3 വർഷക്കാലം നിർബന്ധമായി സേവനമനുഷ്ഠിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അതിനായി അഡ്മിഷൻ സമയത്ത് വിദ്യാർത്ഥികൾ ഒരു ബോണ്ട് നൽകേണ്ടതുണ്ട്. ഈ ബോണ്ടിലെ വ്യവസ്ഥകൾ പാലിച്ചില്ലെങ്കിൽ രണ്ടുലക്ഷം രൂപ ലിക്വിഡേറ്റഡ് ഡാമേജസ് ആയി ഈടാക്കുന്നതാണ്.

ഇതു കൂടാതെ ഗ്രാമപ്രദേശങ്ങളിൽ മൂന്നുവർഷം നിർബന്ധമായി സേവനമനുഷ്ഠിക്കേണ്ടതാണെന്നും അതിൽ ഒരു വർഷം ഗവൺമെന്റ് വിജ്ഞാപനം ചെയ്യുന്ന ദുർഘട ഗ്രാമപ്രദേശങ്ങളിലായിരിക്കണമെന്നും വ്യക്തമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് പാലിച്ചില്ലെങ്കിൽ രണ്ടുലക്ഷം രൂപ ലിക്വിഡേറ്റഡ് ഡാമേജസ് ആയി ഈടാക്കുന്നതാണ്. ഇതിനായി 2000-2001-ലെ അഡ്മിഷൻ സമയത്ത് ഓരോ വിദ്യാർത്ഥിയും ബോണ്ട് നൽകേണ്ടതുണ്ട്. ഇതിനുപുറമേ 2000-2001 അദ്ധ്യയനവർഷം മുതൽ പി.ജി. ഡിഗ്രി/ഡിപ്ലോമ എന്നിവയ്ക്ക് അഡ്മിഷൻ ലഭിക്കുന്നതിനുള്ള യോഗ്യത നേടുന്നതിനായി ഗവൺമെന്റ് വിജ്ഞാപനം ചെയ്യുന്ന ദുർഘട ഗ്രാമപ്രദേശങ്ങളിൽ ഒരു വർഷത്തെ സേവനം നിർബന്ധമാക്കുന്നതിനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

160 (2346) പൊതുജനാരോഗ്യവകുപ്പിലെ ഒഴിവുകൾ

ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുജനാരോഗ്യവകുപ്പിൽ എത്ര ഡോക്ടർമാരും നഴ്സുമാരും ഉണ്ട്;

(ബി) അവരുടെ സമുദായം തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പിന്നോക്ക സമുദായങ്ങൾക്ക് സംവരണതത്വത്തിന് ആനുപാതികമായി സർവ്വീസിൽ പ്രാതിനിധ്യം നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇപ്പോൾ ഡോക്ടർമാരുടെയും നേഴ്സുമാരുടെയും എത്ര ഒഴിവുകൾ ഉണ്ട്;

(ഇ) ഈ ഒഴിവുകൾ നികത്തുമ്പോൾ പിന്നോക്ക ജാതിക്കാർക്കുള്ള പ്രാതിനിധ്യക്കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

വകുപ്പ്	ഡോക്ടർമാരുടെ എണ്ണം	നേഴ്സുമാരുടെ എണ്ണം
ഹെൽത്ത് സർവ്വീസസ്	3410	7586
ഹോമിയോപ്പതി	543	79
ഹോമിയോ മെഡിക്കൽ കോളേജ്, തിരുവനന്തപുരം	93	16
ആയുർവേദ കോളേജ് തിരുവനന്തപുരം	79	48

(ബി) ലഭ്യമായ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) സംവരണ തത്വങ്ങൾക്കനുസൃതമായി പി.എസ്.സി. അഡ്വൈസ് ചെയ്യുന്നവരെയാണ് സർക്കാർ വകുപ്പുകളിൽ സ്ഥിരം നിയമിക്കുന്നത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിലും സംവരണ തത്വം പാലിക്കുന്നുണ്ട്.

(ഡി) ഹെൽത്ത് സർവ്വീസിൽ ഡോക്ടർമാരുടെ 652 ഒഴിവുകളും നഴ്സുമാരുടെ 273 ഒഴിവുകളും പി.എസ്.സി. വഴി നിയമനം നടത്തി നികത്താനുണ്ട്. ഹെൽത്ത് സർവ്വീസിലുള്ള ഡോക്ടർമാരുടെ ഒഴിവുകളിൽ 68 എണ്ണം ഒഴികെയുള്ളവ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാർ അടിസ്ഥാനത്തിലും നികത്തിയിട്ടുണ്ട്. തിരുവനന്തപുരം ഹോമിയോ മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെ 13 ഒഴിവുകളും നഴ്സുമാരുടെ 2 ഒഴിവുകളും ഉണ്ട്. തിരുവനന്തപുരം ആയുർവേദ കോളേജിൽ ഡോക്ടർമാരുടെ 11 ഒഴിവുകളും നേഴ്സുമാരുടെ 2 ഒഴിവുകളുമാണുള്ളത്.

(ഇ) പരീക്ഷയും ഇന്റർവ്യൂവും നടത്തി പി.എസ്.സി. തയ്യാറാക്കിയ ലിസ്റ്റിൽ നിന്നും സംവരണ തത്വങ്ങൾക്കനുസൃതമായി അഡ്വൈസ് ചെയ്യുന്നവരെയാണ് സർക്കാർ വകുപ്പുകളിൽ സ്ഥിരം നിയമിക്കുന്നത്.

161 (2347) ചികിത്സ നിഷേധിച്ച ഡോക്ടർക്കെതിരെ നടപടി

ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly